ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: മെമ്പറന്മാർ സഹകരിക്കാത്തതു കൊണ്ടാണോ ഏകകണ്ഠമായ തീരുമാനമുണ്ടാകില്ലെന്നു പറഞ്ഞതു്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: മുൻപു ഞാൻ ഇതിനുത്തരം പറഞ്ഞതാണു്. എല്ലാ കക്ഷിയും യോജിച്ചുകൊണ്ടു് ഒരു തീരുമാനമുണ്ടാകയില്ലെന്നു് എനിക്കു് ബോദ്ധ്യം വന്നു. അതുകൊണ്ടാണു്.

കോടതിവിധികൾ നടത്തുന്നതിനു പോലീസ് സഹായം.

* 1674. [23] ശ്രീമതി കുസുമം ജോസഫ്: താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിനു് മന്ത്രി സഭയെ മറുപടി നൽകുമോ:

1957 ഏപ്രിൽ 5-നു് ശേഷം കോടതിവിധികൾ നടത്താൻ പോലീസ് സഹായങ്ങൾ വേണ്ടിവന്നിട്ടുള്ള സന്ദർഭങ്ങൾ എത്ര?

ധനകാര്യമന്ത്രി (ശ്രീ സി. അച്യുതമേനോൻ): 909

ശ്രീമതി കുസുമം ജോസഫ്: സ്വന്തം നിലം കൊയ്തു് എടുക്കുന്നതിനു് കോടതിയുടെ ഓർഡർ കിട്ടിയതിനുശേഷം കൃഷിക്കാർ നെല്ലു കൊയ്തെടുക്കാൻ ചെന്നപ്പോൾ കുട്ടനാട്ടിലെ സഖാക്കൾ ബഹളം കൂട്ടിയിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: കേസിന്റെ എണ്ണമാണു് ചോദിച്ചതു്. സഖാക്കൾ ബഹളമുണ്ടാക്കിയ കാര്യം അന്വേഷിച്ചിട്ടില്ല. പോലീസിന്റെ സഹായമാവശ്യപ്പെട്ട കേസിന്റെ എണ്ണമാണു് ആവശ്യപ്പെട്ടതു്. ഹൈക്കോടതി രജിസ്ട്രാരിൽ നിന്നും കിട്ടിയവിവരം ഇവിടെ പറഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു്: പോലീസ് സഹായം തേടി കോടതി വിധി നടപ്പാക്കാൻ ശ്രമിച്ചതിൽ എത്രയെണ്ണം തടസപ്പെടുത്തിയിട്ടുണ്ടു്?

ശ്രീ. സി. അച്യുതമേനോൻ: അതിന്റെ വിവരം ഇവിടെയില്ല.

വൃക്ഷങ്ങളുടെ സംരക്ഷണം

* 1675. [24] ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഫലവൃക്ഷങ്ങളും തണൽവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രത്യേകമായ വല്ല പരിപാടിയും അനുസൃതമായി ചെയ്തിട്ടുണ്ടോ;

(ബി) വൃക്ഷങ്ങളെ സ്നേഹിക്കുന്നവരുടെ (Friends of trees) ഒരു സംഘടനയുണ്ടാക്കാൻ ആലോചനയുണ്ടോ?

മൃഗ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പരമപ്രധാനമായ ചുമതല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലാണു്. പക്ഷേ, ഫലങ്ങൾക്കുവേണ്ടിയും തണലിനുവേണ്ടിയും അല്ല അവ നട്ടുന്നതു്.

(ബി) ഫ്രൻഡ്സ് ഓഫ് ട്രീസ് എന്നൊരു അനൗദ്യോഗികസംഘടന ബോംബെയിൽ ഉടലെടുത്തിട്ടുണ്ടു്. അതിന്റെ കേരളശാഖ കേരളഗവർണ്ണർ 22-5-1955-ൽ ഉൽഘാടനം ചെയ്തിട്ടുണ്ടു്. പ്രവർത്തനം ഇടങ്ങിയിട്ടില്ല. പരിപാടികൾ അനുസൃതം ചെയ്തുവരികയാണു്.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: മനുഷ്യരെ സ്നേഹിക്കാത്ത ആളുകളാണോ ഈ വൃക്ഷങ്ങളെ സ്നേഹിക്കുന്ന സംഘടനയിലെ അംഗങ്ങൾ.

ശ്രീ. കെ. സി. ജോർജ്ജു്: വൃക്ഷമായതുകൊണ്ടു് സ്നേഹം കാണാതിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly